അനുഭവം

അബ്ദുല്ല ചരിവുകാലായിൽ, കുമ്പനാട്

# അന്വേഷണങ്ങൾക്കൊടുവിൽ

**ഏ**റ്റവും കൂടുതൽ ക്രിസ്തീയ സഭകളുള്ള തിരുവല്ലയിലാണ് ഞാൻ ജനിച്ചത്. അച്ഛനും അമ്മയും ക്രിസ്ത്യാനികളായതിനാൽ ഞാനും ക്രിസ്ത്യാനിയായി വളർന്നു. ചെറുപ്പകാലത്ത് ബൈബിൾ ക്ലാസുകളിൽ എനിക്ക് ഒരുപാട് സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ട്. ബൈബിൾ പഠനത്തിലുള്ള എന്റെ താൽപര്യംകണ്ട് സെമിനാരിയിൽചേർന്ന് അച്ചപ്പട്ടം എടുക്കുവാൻ എന്നെ വീട്ടുകാർ നിർബ ന്ധിച്ചുവെങ്കിലും ഞാനതിന് സമ്മതിച്ചില്ല. എനിക്കതിനോട് താൽപര്യമില്ലായിരുന്നു.

പള്ളിയോട് ചേർന്നുള്ള ഒരു സ്കൂളിലാണ് ഞാൻ ആദ്യം പഠിച്ചത്. പള്ളിക്കുള്ളിൽ ദൈവം താമസിക്കുന്നു എന്ന് ചെറുപ്പകാലത്ത് എന്നെ പറഞ്ഞുപറ്റിച്ചിരുന്ന മുതിർന്ന കൂട്ടുകാർ പള്ളിക്കുള്ളിൽ കണ്ണുമടച്ചിരുന്നാൽ ദൈവത്തെ കാണാമെന്നുപറഞ്ഞ് പലതവണ എന്നെ പള്ളിക്കുള്ളിൽ പൂട്ടിയിട്ടിട്ടുണ്ട്. അങ്ങനെ ഒരു ദിവസം ദൈവത്തെ കാണുവാൻ പള്ളിയിൽ കണ്ണുമടച്ചിരിക്കവെ ഉറങ്ങിപ്പോയി. എന്തോ ശബ്ദം കേട്ട് ഞെട്ടിയുണർന്ന ഞാനാകെ ഭയന്നുപോയി. അതോടെ പള്ളിയിൽ ഒറ്റക്കിരിക്കൽ ഞാൻ മതിയാക്കി.

**ബൈബിൾ പഠനത്തിലുള്ള എന്റെ താൽപര്യംകണ്ട് സെമിനാരിയിൽചേർന്ന് അച്ചപ്പട്ടം എടുക്കുവാൻ എന്നെ വീട്ടുകാർ നിർബന്ധിച്ചുവെങ്കിലും ഞാനതിന് സമ്മതിച്ചില്ല. എനിക്കതിനോട് താൽപര്യമില്ലായിരുന്നു.**

എന്നാൽ അന്നുമുതൽ ഒരു വിചിത്രമായ സ്വപ്നം കാണുവാൻ തുടങ്ങി. ആകാശം ഒരു സാരിപോലെ നീങ്ങിക്കൊണ്ടിരിക്കുന്നു. അത് പാടെ നീങ്ങിപ്പോയാൽ മറ്റൊന്ന് വരുന്നു. അത് ആവർത്തിച്ചുകൊണ്ടിരിക്കവെ പ്രകാശരഹിതവും വികൃതരൂപമുള്ളതുമായ കുറെ ഗോളങ്ങൾ പ്രത്യക്ഷപ്പെടുന്നു. അതിനുശേഷം പ്രകാശിക്കുന്ന, ഭംഗിയുള്ള ഒരു ചെറിയ ഗോളം പ്രത്യക്ഷപ്പെടുന്നു. അത് മറ്റ് ഗോളങ്ങളെയെല്ലാം വിഴുങ്ങുകയും ഉടനെയത് വലിയ ഗോളമായി മാറുകയും ചെയ്യുന്നു. എന്നിട്ടത് എന്നെ വിഴുങ്ങുവാൻ വരുന്നു..... മനോഹരമായ തോട്ടങ്ങളിലൂടെ ഞാൻ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. നറുമണം പൊഴിക്കുന്ന പൂക്കളും പഴങ്ങളുമുള്ള തോട്ടങ്ങൾ. ഒരു മാറ്റവുമില്ലാതെ ഇടയ്ക്കിടെ കാണാറുള്ള ഈ സ്വപ്നത്തെപ്പറ്റി കൂട്ടുകാരോട് പറയുമ്പോൾ അതിന് വലിയ അർഥമുണ്ടായിരിക്കും എന്നവർ പറയാറുണ്ടായിരുന്നു. അതിന്റെ യഥാർഥ പൊരുൾ എന്തെന്നറിയില്ലെങ്കിലും സത്യമതത്തിന്റെ സുവർണശോഭയിലേക്കുള്ള എന്റെ വരവിന്റെ സൂചന അതിലുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.

അച്ഛന് ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിലേക്ക് സ്ഥലംമാറ്റം കിട്ടിയതിനാൽ താമസം അങ്ങോട്ടാക്കി. അമ്മയുടെ മരണശേഷം അച്ഛൻ സഭയുടെ അംഗീകാരമില്ലാതെതന്നെ ഒരു ഹിന്ദു സ്ത്രീയെ വിവാഹം കഴിച്ചു. അവരുടെ സാമീപ്യം ക്രമേണ അച്ഛനെ ഒരു ഹിന്ദുവാക്കി മാറ്റുകയായിരുന്നു. ഇരുവരും മന്ത്രവാദത്തിലും മാരണ പ്രവർത്തനങ്ങളിലും അതീവ താൽപര്യവും വിശ്വാസവും വെച്ചുപുലർത്തി. എന്നെക്കൂടി അതിലുൾപ്പെടുത്താൻ ശ്രമിച്ചുവെങ്കിലും ഞാൻ വഴങ്ങിയില്ല.

ആയിടക്ക് ഒരു ബ്രാഹ്മണന്റെ വീട്ടിൽ ട്യൂഷനുവേണ്ടി എന്നെ പറഞ്ഞയച്ചുതുടങ്ങി. മുപ്പതോളം കുട്ടികൾ അവിടെ പഠിക്കാനെത്തിയിരുന്നു. ആ ബ്രാഹ്മണ കുടുംബത്തിൽനിന്നും ഹിന്ദുമതത്തെപ്പറ്റി പല കാര്യങ്ങളും എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. അതോടെ എന്റെ മനസ്സിൽ ആശയക്കുഴപ്പങ്ങൾ ഉടലെടുത്തു. ഏതുമതത്തിൽ ഉറച്ചുനിൽക്കണമെന്ന ചിന്ത എന്നെ അലട്ടിക്കൊണ്ടിരുന്നു. കൂടുതൽ പഠിക്കാൻ അതെന്നെ പ്രേരിപ്പിച്ചു. അസ്വസ്ഥമായ കുടുംബ പശ്ചാത്തലത്തിൽ, മനഃസമാധാനത്തിന്റെ വഴി ആത്മീയ ചിന്തയാണെന്ന ബോധ്യമുള്ളതിനാൽ

ആ വഴിക്ക് നീങ്ങി. മഹാഭാരതവും രാമായണവും വായിച്ചു. പക്ഷേ, അവയൊന്നും എൻെറ ആത്മീയ ദാഹത്തെ ശമിപ്പിച്ചില്ല. മനഃസമാധാനമേകിയില്ല. ദൈവസാമീപ്യം കരസ്ഥമാക്കാനുള്ള വ്യക്തമായ നിർദേശങ്ങൾ എനിക്ക് നൽകിയില്ല.

ബൈബിളിൻെറ കാര്യവും അതുപോലെതന്നെ. വൈരുധ്യങ്ങൾ നിറഞ്ഞുനിൽക്കുന്ന ബൈബിൾ അനുസരിച്ച് ജീവിതത്തെ മുന്നോട്ടുനയിക്കാൻ സാധ്യമല്ലെന്ന് ഞാൻ മനസ്സിലാക്കി. സകല ക്രിസ്തീയ സഭകളും പുരോഹിതന്മാരും എന്തൊക്കെയോ മറച്ചുവെക്കുന്നതായി എനിക്ക് വ്യക്തമായി. ത്രിയേകത്വത്തെ സംബന്ധിച്ച ചോദ്യങ്ങൾക്ക് മറുപടി നൽകാൻ ആർക്കും കഴിഞ്ഞില്ല. അത് മനുഷ്യബുദ്ധിക്ക് മനസ്സിലാക്കാൻ സാധിക്കാത്ത സങ്കീർണമായ ഒന്നാണെന്ന മറുപടി എൻെറ മനസ്സിനെ പിടിച്ചുകുലുക്കി. ദൈവം ഒന്നോ മൂന്നോ എന്നുപോലും വ്യക്തമാക്കാൻ കഴിയാത്ത മതം ഒരു മതമോ? അങ്ങനെയെങ്കിൽ ആത്മാർഥമായ പ്രാർഥന എങ്ങനെ സാധ്യമാകും? പുരോഹിതന്മാരുടെ പ്രചാരണങ്ങൾക്കെതിരാണ് ബൈബിളെന്നും ത്രിയേകത്വത്തിനും പാപപരിഹാര സിദ്ധാന്തത്തിനും യേശു ദൈവമാണെന്ന വാദത്തിനും ബൈബിളിൻെറ പിൻബലമില്ല എന്ന അറിവും എന്നെ അസ്വസ്ഥമാക്കി. ഹിന്ദുമതവും ക്രിസ്തുമതവും എനിക്ക് തൃപ്തി നൽകിയില്ല. പിന്നെ ബാക്കിയുള്ളത് ഇസ്‌ലാം മതമാണ്.

ഇസ്‌ലാം എന്ന് കേൾക്കുമ്പോഴേക്കും എനിക്ക് ഓർമവന്നിരുന്നത് ബൈബിൾ അധ്യാപകർ പറഞ്ഞുതന്ന ചില കാര്യങ്ങളാണ്. മുഹമ്മദ് എന്ന മനുഷ്യൻ ബൈബിളിൽ ചില മാറ്റത്തിരുത്തലുകൾ വരുത്തി എഴുതിയുണ്ടാക്കിയതാണ് മുസ്‌ലിംകളുടെ വേദഗ്രന്ഥമായ ഖുർആൻ. അദ്ദേഹം ഒരു കാമഭ്രാന്തനായിരുന്നു. ഒമ്പത് കല്യാണം കഴിച്ചത് അതിന് തെളിവാണ്. തൻെറ അനുയായികളെപോലും നാല് വിവാഹങ്ങൾ നടത്താൻ പ്രേരിപ്പിക്കുകവഴി അദ്ദേഹം കുടുംബ ബന്ധങ്ങളെ തകർക്കുകയായിരുന്നു. സ്ത്രീകൾക്ക് യാതൊരു അവകാശവും ഇസ്‌ലാം നൽകുന്നില്ല. അവരെ തുണിയിൽ പൊതിഞ്ഞ് വീട്ടിനകത്ത് അടിമകളാക്കിവെ ക്കുന്നു. അന്യമതസ്ഥരെ 'കാഫിർ' എന്ന് ചീത്ത വിളിക്കാനും കണ്ടേടത്തുവെച്ച് അവരുടെ തലകൊയ്യുവാനും ഇസ്‌ലാം ആഹ്വാനം ചെയ്യുന്നു. ഇതെല്ലാമാണ് ഇസ്‌ലാമിനെ സംബന്ധിച്ച് ബൈബിൾ അധ്യാപകർ എൻെറ മനസ്സിലുണ്ടാക്കിത്തന്ന ചിത്രം. അതിനാൽ ഇസ്‌ലാമിനെക്കുറിച്ച് പഠിക്കാൻ ആദ്യം ഞാൻ അൽപം അറച്ചുനിന്നു. പിന്നീട് എനിക്കുതോന്നി; അതൊക്കെ ശരിയാണെന്ന തിന് ഉറപ്പെന്ത്? അതെല്ലാം പുരോഹിതൻമാർ തങ്ങളുടെ സ്വാർഥ താൽപര്യ ത്തിനുവേണ്ടി കെട്ടിച്ചമച്ച് പറയുന്ന കാര്യങ്ങളാകാൻ സാധ്യതയില്ലേ?

അങ്ങനെ ഞാൻ ഇസ്‌ലാമിനെക്കുറിച്ചുകൂടി പഠിക്കാൻ തീരുമാനിച്ചു. മുസ്‌ലിം സുഹൃത്തുക്കളുമായി സംസാരിച്ചും പ്രസിദ്ധീകരണങ്ങൾ വായിച്ചും കുറെ കാര്യങ്ങൾ മനസ്സിലാക്കി. മുമ്പ് ഞാൻ കേട്ട് മനസ്സിലാക്കിയ കാര്യങ്ങളെല്ലാം ദുർവ്യാ ഖ്യാനങ്ങളും കള്ളങ്ങളുമായിരുന്നെന്ന് എനിക്ക് ബോധ്യമായി.

ഇഹലോകത്ത് ശാന്തിയും സമാധാനവും സ്വസ്ഥതയുമുള്ള ജീവിതത്തിനും പാരത്രിക വിജയത്തിനും ഇസ്‌ലാം മാത്രമാണ് പരിഹാരമെന്ന് എനിക്ക് പരിപൂർണ ബോധ്യംവന്നതോടെ ഞാൻ ഇസ്‌ലാമാശ്ലേഷിച്ചു. മാത്യു ചാക്കോ എന്ന പേരുമാറ്റി ദൈവദാസൻ എന്ന് അർഥമുള്ള 'അബ്ദുല്ല' എന്ന നാമം സ്വീകരിച്ചു. ഇന്ന് ഞാൻ സന്തുഷ്ടനാണ്. ഇസ്‌ലാമിൻെറ തണലിൽ ഞാൻ സംതൃപ്തനാണ്. സങ്കീർണതയില്ലാത്ത വിശ്വാസ സംഹിത. പ്രായോഗികമായ കർമാനുഷ്ഠാനങ്ങൾ. മാനവികതയിലൂന്നിനിൽക്കുന്ന നിയമനിർദേശങ്ങൾ. എല്ലാ മേഖലയിലേക്കും വെളിച്ചം വീശുന്ന മാർഗനിർദേശങ്ങൾ. ഇതെല്ലാമാണ് ഇസ്‌ലാമിൻെറ സവിശേഷത. അതിൽ വ്യക്തിപൂജയില്ല. പൗരോഹിത്യമില്ല. ദൈവത്തിലേക്കെത്താൻ ഇടയാള സങ്കൽപമില്ല. അതിൻെറ മാർഗം അവക്രം, സംശുദ്ധം.

മുൻധാരണകൾ മാറ്റിവെച്ചുകൊണ്ട് ഇസ്‌ലാമിനെക്കുറിച്ച് പഠിക്കാനും സ്വന്തം വിശ്വാസാചാരങ്ങൾ ശരിയോ തെറ്റോ എന്ന് വിചിന്തനം ചെയ്യുവാനും തയാറാവണമെന്ന് സ്നേഹസംവാദത്തിൻെറ വായനക്കാരായ ഹൈന്ദവ-ക്രൈസ്തവ സഹോദരങ്ങളോട് ഞാൻ സസ്നേഹം അപേക്ഷിക്കുന്നു.